കേരള സർക്കാർ

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരളസംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി2/128/2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കൽപ്പറ്റ - 673121
E-mail: dowyd.ksad@kerala.gpv.in
തീയതി: 15.03.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3.4, 3.7, 3.8, 3.9 എന്നീ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി.2/128/2019 തിയ്യതി: 15.03.2019.

## വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.09.2017 മുതൽ 24.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന്

മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീമതി.വസന്ത. പി.എസ്. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.01.2019മുതൽ 08.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.എ.ജി.കിഷോർ ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അലി അക്ബർ.കെ അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.സമീർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ടി.കെ.ലത, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അനീഷ സുരേന്ദ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വൈസ് പ്രസിഡന്റ് | ഷൈമ മുരളീധരൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ബാബു ഷജിൽകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ഷബിത കെ | 01.04.2017 മുതൽ 31.03.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം) | എൻ. ജെ. ഷജിത് | 01.04.2017 മുതൽ 31.03.2018 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | വി.ഹംസ | 01/04/17-04/05/2017 |

| | | |
|---|---|---|
| | | |
| | ആൻറണി റോഷൻ | 05/05/2017-15/06/2017 |
| | എൻ. എ. ജയരാജൻ | 16/06/2017-30/06/2017 |
| | മുഹമ്മദ് സലിം കെ | 01/07/2017-31/03/2018 |
| അസി.സെക്രട്ടറി | ആൻറണി റോഷൻ | 01/04/2017-16/06/2017 |
| | തോമസ് കെ എം | 16/06/2017-31/03/2018 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ.അനീഷ് പരമേശ്വരൻ | 01.04.2017-31.03.2018 |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. ജിബിനി സെബാസ്റ്റ്യൻ | 01.04.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. പ്രസാദ് വി വി | 01/04/2017-23/04/2017 |
| | ഡോ.റീന | 23/04/2017-31.03.2018 |
| വെറ്ററിനറി സർജൻ | ഡോ.സുനിൽ കെ.എസ് | 01/04/2017-06/06/2017 |
| | ഡോ.ശിവദാസൻ കെ ജി | 07/06/2017-27/10/2017 |
| | ഡോ.ചിഞ്ചു ജോസ് | 28/10/2017-31/03/2018 |
| കൃഷി ഓഫീസർ | മുഹമ്മദ് ഷഫീക് | 01/04/2017-25/09/2017 |
| കൃഷി ഓഫീസർ | ശ്രീ.സുനിൽ.കെ.ജി | 26/09/2017-31/03/2018 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ഷിൻജ്ജ ഭരതൻ | 1.04.2017 - 27.04.2017 |
| അസി .എഞ്ചിനീയർ | ശ്രീ. ഷിനോജ്.ടി.വി | 01.04.2017-11.09.2017 |
| | ശ്രീ.ജയകുമാർ | 01/04/2017-09/07/2017 |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ആനീസ് | 10/07/2017-31/03/2018 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ഫ്ലോറി പി. സി | 01/04/2017-16/07/2017 |
| | പ്രിൻസ്റ്റോൺ എൻ. എ | 17/07/2017-26/01/2018 |

| | | |
|---|---|---|
| | സാജൻ | 27/01/2018-06/2/2018 |
| | വിനീത് വിജയൻ | 07/02/2018-11/03/2018 |
| | പ്രിൻസ്റ്റോൻ എൻ. എ | 12/03/2018-31/03/2018 |
| | ഫ്ലോറി പി. സി | 01/04/2017-16/07/2017 |
| | ഗണേഷ് കുമാർ പി കെ | 01/04/2017-31/03/2018 |


ഉള്ളടക്കം

| ക്രമ നം. | വിവരണം | ഖണ്ഡിക |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പപദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | |
| ഭാഗം - 2 | | |
| 12 | തൊഴിൽനികുതി - അപാകതകൾ | 2-1 |
| 13 | വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു. | 2-2 |
| ഭാഗം - 3 | | |
| 14 | ജൈവ മുട്ട ഉൽപ്പാദനം- കോഴികൾ അസുഖം | 3-1 |

| | | |
|---|---|---|
| | ബാധിച്ച ചത്തു പോയി | |
| 15 | പി.എം.എ.വൈ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-2 |
| 16 | കുടുംബശ്രീ സംരങ്ങൾക്ക് സബ്സിഡി നൽകിയത് - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ ലംഘിച്ചു | 3-3 |
| 17 | പ്ലാസ്റ്റിക് നിർമ്മാർജ്ജനം പദ്ധതി - തുണി സഞ്ചി വാങ്ങലുകൾ മാത്രം നടത്തി | 3-4 |
| 18 | വിനിയോഗ സാക്ഷപത്രം/പദ്ധതി പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-5 |
| 19 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ്ഫണ്ട് - സ.ഉ(എം.എസ്)80/2017 ത.സ്വ.ഭ.വ തീയതി 3.4.2017 ഖണ്ഡിക 6.2 ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 3-6 |
| 20 | ആറോല പകൽവീട് നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കാതെ തുക അനുദിച്ചു. | 3-7 |
| 21 | ഇരുമനത്തൂർ സ്വയംതൊഴിൽ പരിശീലന കേന്ദ്രം - നടത്താത്ത പ്രവൃത്തികൾക്ക് എം.ബുക്കിൽ മെഷർമെന്റ് എടുത്ത് തുക അനുവദിച്ചു. | 3-8 |
| 22 | പുത്തൻപുര കോളനി റോഡ് കോൺക്രീറ്റ് - പട്ടിക വർഗ്ഗ ഉപ പദ്ധതി വിഹിതം ഉപയോഗച്ച് പട്ടികവർഗ്ഗ ഊരിന് പുറത്ത് റോഡ് നിർമ്മിച്ചു. | 3-9 |
| 23 | അസിസ്റ്റന്റ് എൻഞ്ചിനീയർ ഒന്നിലധികം ബാങ്ക് അകൗണ്ട് നിലനിർത്തുന്നു | 3-10 |
| 24 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 3-11 |
| 25 | ഇ-ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 3-12 |
| 26 | ലൈഫ് ഭവന പദ്ധതി - കൃത്യമായ പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി | 3-13 |
| | ഭാഗം 4 | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 30 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | സാക്ഷ്യപത്രം | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.സെക്രട്ടറി, വിവിധ ഓഫീസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച്, ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തിട്ടില്ല. (കേ.പ.രാ.നിയമം വകുപ്പ് 214(1)). ഇതു മൂലം ഘടക സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടാതെയും അനിവാര്യ ചുമതലകളിൽപ്പടുന്ന എല്ലാ മേഖലയിലും ആവശ്യത്തിന് തുക വകയിരുത്താതെയും പോകുന്നു.

2703.2017 തിയ്യതിയിലെ 1/17 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബഡ്ജറ്റ് 13/03/18 തിയ്യതിയിലെ 2(1) തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 08/05/2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ

വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| | 11.06.2018 - 12.06.2018 | കെ.എസ്.എ. ഡബ്ല്യ.വൈ.ഡി പി-2/528/18/22.06.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുൻബാക്കി | ₹4,88,38,106 |
| വരവ് | ₹15,80,33,979 |
| ആകെ | ₹20,68,72,085 |
| ചെലവ് | ₹13,19,25,079 |
| നീക്കിയിരിപ്പ് | ₹7,49,47,006 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR പ്രകാരം)(₹) | ആകെ(₹) | ചെലവ് (AFS പ്രകാരം)(₹) | നീക്കി ബാക്കി (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 3,07,82,102 | 3,07,82,102 | 2,70,63,143 | 37,18,959 |
| വികസന ഫണ്ട് (എസ്.സി.പി) | | 44,64,253 | 44,64,253 | 33,33,841 | 11,30,412 |
| വികസന ഫണ്ട് (ടി.എസ്.പി) | | 2,15,33,516 | 2,15,33,516 | 2,10,81,737 | 4,51,779 |
| സംരക്ഷണ ഗ്രാൻറ്(റോഡ്) | | 1,71,36,077 | 1,71,36,077 | 1,12,97,727 | 58,38,350 |
| സംരക്ഷണഗ്രാൻറ് (റോഡിതരം) | | 65,00,532 | 65,00,532 | 64,96,649 | 3,883 |
| ധനകാര്യ കമ്മീഷൻ അവാർഡ് | | 1,46,49,168 | 1,46,49,168 | 1,16,99,970 | 29,49,198 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 390 | 164614927 | 261 | 93250342 | | 129 | 66.92 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 44765 | 2054268 | 2099033 | 2057604 | 41429 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 49495686 | 49495686 | 49495686 | |
| ആകെ | 44765 | 51549954 | 51594719 | 51553290 | 41429 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5387200 | 465 |
| തൊഴിൽ രഹിത വേതനം | 538800 | 82 |
| വിധവാ പെൻഷൻ | 19693100 | 1712 |
| വികലാംഗ പെൻഷൻ | 4220100 | 374 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 152400 | 17 |
| വാർദ്ധക്യകാല പെൻഷൻ | 27868300 | 2387 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-)o വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31/01/2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹10,768/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06/06/18 to 08/06/18 | 2017-18 | 03\12\2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12/12/17 to 28/12/2017 | 2012-13 2016-17 | 27\02\2018 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രവും വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട പരിഹരിക്കുവാൻ അവശേഷിക്കുന്ന അപാകതകളും അനുബന്ധമായി ചേർത്തിരിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി - അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തൊഴിൽനികുതി അനുബന്ധ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1) 2017-18 വാർഷിക കണക്ക് പ്രകാരം ജീവനക്കാരുടെ തൊഴിൽനികുതിയിൽ 15,82,158/- രൂപ ഡിമാന്റും 15,39,858/- രൂപ കളക്ഷനും ഉണ്ട്. ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റും കളക്ഷനും 15,82,158/- രൂപയുമാണ്. എന്നാൽ വാർഷിക കണക്കിൽ ഡിമാന്റും കളക്ഷനും തമ്മിൽ 42,300/- രൂപയുടെ വ്യത്യാസമുണ്ട്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

2) ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പ്രകാരം 2017-18 ൽ ലൈസൻസ് എടുത്തവരുടെ എണ്ണം 500 ആണ്. എന്നാൽ കച്ചവടക്കാർ/സ്ഥാപന തൊഴിൽനികുതി രജിസ്റ്റർ പ്രകാരം 2016-17 ലെ മുൻകൂർ ലൈസൻസ് അനുവദിച്ചവർ (43) ഉൾപ്പെടെ, 2017-18 ൽ 475 കച്ചവടക്കാർ/സ്ഥാപനങ്ങൾ മാത്രമേ തൊഴിൽനികുതി അടച്ചിട്ടുള്ളൂ. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. തൊഴിൽനികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

3)വാർഷിക കണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. 2017-18 വാർഷിക കണക്ക് പ്രകാരം കച്ചവടക്കാർ/സ്ഥാപന തൊഴിൽനികുതിയിൽ ഡിമാന്റ് 2,22,590/-രൂപയും,കളക്ഷൻ 2,22,590/- രൂപയുമാണ്. രജിസ്റ്റർ പ്രകാരം ഈയിനത്തിൽ ഡിമാന്റും കളക്ഷനും 2,44,280/- രൂപയുമാണ്. വ്യത്യാസം 21,690/- രൂപ മേൽപ്പടി അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

തൊഴിൽനികുതി അടവാക്കാത്തത് സംബന്ധിച്ച് – ചുവടെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്/ഉദ്യോഗസ്ഥർ | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | പേര്യ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | ഒന്ന് |
| 2 | എൻ.ആർ.എച്ച്.എം തവിഞ്ഞാൽ (ഹോമിയോ) | രണ്ട് |
| 3 | ക്ഷീര കർഷക സംഘം ആലാറ്റിൽ | രണ്ട് |
| 4 | ക്ഷീര കർഷക സംഘം കൈതക്കൊല്ലി | രണ്ട് |
| 5 | പോസ്റ്റ് ഓഫീസ് വരയാൽ | രണ്ട് |
| 6 | പോസ്റ്റ് ഓഫീസ് കാപ്പാട്ടുമല | രണ്ട് |
| 7 | പോസ്റ്റ് ഓഫീസ് കാമ്പട്ടി | രണ്ട് |
| 8 | പോസ്റ്റ് ഓഫീസ് വാളാട് | രണ്ട് |
| 9 | പോസ്റ്റ് ഓഫീസ് പേര്യ | രണ്ട് |

| | | |
|---|---|---|
| 10 | പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർമാർ | ഒന്ന്, രണ്ട് |
| 11 | ഷിജുപി.ടി,(ഫാർമസിസ്റ്റ്). ഗവ,ഹോമിയോ ഡിസ്പെൻസറി തവിഞ്ഞാൽ | രണ്ട് |

തൊഴിൽനികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ അപാകതകൾ ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 06/04/02/2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടത്തിന്റെ അടിസ്ഥാനത്തിലുള്ള തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 26/08/2011 ലെ 62/2011നമ്പർ തീരുമാന പ്രകാരം 100 $m^2$ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 50/- രൂപയും, 200 $m^2$ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 70/- രൂപയുമായാണ് ഭരണസമിതി തീരുമാനിച്ചിട്ടുള്ളത്. മേൽ ചട്ടത്തിലെ 3-)ം ചട്ടത്തിലെ ഉപചട്ടം 2,5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി അടിസ്ഥാന നിരക്ക് 30/-രൂപ, 40/-രൂപ എന്നീ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെയും, പ്രഥമ മേഖലയെ തൃതീയ മേഖലയായി കണക്കാക്കിയ കെട്ടിടത്തിന്റെയും ഉദാഹരണങ്ങളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

ലഭ്യമാക്കിയ ഭാഗികമായതും/പൂർത്തീകരണപ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ

| ക്രമ നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേരും വിലാസവും | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി ലൈബ്രറി സെസ്/സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ | ഈടാക്കേണ്ട വസ്തുനികുതി ലൈബ്രറി സെസ്/ സർവ്വീസ് ചാർജ്ജ് (12%) ഉൾപ്പെടെ | റിമാർക്സ്/ ഈടാക്കിയ വസ്തുനികുതിയിൽ വ്യത്യാസം |
|---|---|---|---|---|---|---|
| 1 | അഹമ്മദ്.കെ.കെ & ബിജു വി.ടി ജമീല മൻസിൽ, കൈതക്കൽ,പനമരം, ചെറുകാട്ടൂർ പി.ഒ | XVIII-Aമുതൽ P വരെ | 519.7$m^2$ | Rs-40/$m^2$ ₹17333/- | 519.7x70x1.2=5%+12% =51077 വസ്തുനികുതി – 43654.8 ലൈബ്രറി സെസ്സ്– 2183/- സേവനഉപനികുതി- 5239/- | ₹33,744/- ഭാഗികമായി പൂർത്തീകരണ പ്ലാൻ |
| 2 | ജെയ്സൺ പാലറ,വാളാട്, കോളിച്ചാൽ | XVIII/ 214 A മുതൽ Dവരെ | 231.59$m^2$ | Rs-30/$m^2$ ₹8719/- | 231.59x70x1.2=5%+12% =22761/- വസ്തുനികുതി - 19,454/- ലൈബ്രറി സെസ്സ്- 973/- സേവനഉപനികുതി- 2334/- | ₹ 13473/- പൂർത്തീകരണ പ്ലാൻ |
| 3 | ഷംസുദ്ദീൻ മുതൽപേർ | I/38A | 15.7$m^2$ | ₹ 497/- | ₹ 593/- | ₹ 96/-രൂപ |

| | | | | | | |
|---|---|---|---|---|---|---|
| | കാർമ്മല വീട് പേര്യ 34 | | | | | പ്രഥമ മേഖല ആയതിനാൽ |
| ആകെ | | | | | | ₹28125/- |

നൽകിയ ഓഡിറ്റ് എൻക്വയറി 05/31/01/2019യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച വാണിജ്യകെട്ടിടങ്ങൾ ഉൾപ്പെടെ കുറവായി വസ്തുനികുതി നിർണ്ണയിച്ച 100 $m^2$ ന് മുകളിലും, 200 $m^2$ ന് മുകളിലുംതറ വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ മുഴുവൻ വാണിജ്യകെട്ടിടങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് ഭരണസമിതി തീരുമാന പ്രകാരം പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ജൈവ മുട്ട ഉൽപ്പാദനം- കോഴികളെ വാങ്ങി നൽകിയതിലെ അപാകതകൾ

എ)

| | |
|---|---|
| പ്രോജക്ട് | ജൈവമുട്ട ഉൽപ്പാദനം (കുടുംബശ്രീ ഗ്രൂപ്പുകൾക്ക്) |
| പ്രോജക്ട് നം. | S0214/18 |
| അടങ്കൽ | 5,00,000/- (വികസനഫണ്ട് - ജനറൽ) |
| | 500000/- (ഗുണഭോക്തൃവിഹിതം) |
| ആകെ | 10,00,000/-രൂപ |
| ബിൽ നമ്പർ & തുക | 13/17-18/23.03.18 – 410,000/- രൂപ |
| ചെക്ക് നം. &തീയതി (ഗുണഭോക്തൃവിഹിതം) | 0052578/26.03.18<br>4,10,000/- രൂപ |
| മൊത്തം ചെലവ് | 8,20,000/- രൂപ |

ബി)

| | |
|---|---|
| പ്രോജക്ട് | ഭിന്നശേഷിക്കാർക്ക് കോഴി വിതരണം (വ്യക്തികൾക്ക്) |
| പ്രോജക്ട് നം. | S0215/18 |
| അടങ്കൽ | 1,00,000/- (വികസനഫണ്ട് - ജനറൽ) |
| | 1,00,000/- (ഗുണഭോക്തൃവിഹിതം) |
| ആകെ | 2,00,000/-രൂപ |
| ബിൽ നമ്പർ & തുക | 14/17-18/23.03.18 – 14,000/- രൂപ |
| ചെക്ക് നം. &തീയതി (ഗുണഭോക്തൃവിഹിതം) | 0052579/26.03.18<br>14,000/- രൂപ |
| മൊത്തം ചെലവ് | 28,000/- രൂപ |

വെറ്ററിനറി സർജൻ നടപ്പാക്കിയ മേൽ പദ്ധതികളിൽ ഗുണഭോക്തൃ വിഹിതമായ 5000/- രൂപ അടച്ച 82 കുടുംബശ്രീ ജെ.എൽ.ജി ഗ്രൂപ്പുകൾക്ക്, ഒരു ഗ്രൂപ്പിന് 100 മുട്ടകോഴികളെ വാങ്ങി നൽകാൻ 10,000/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. അതിൽ 5000/- രൂപ സബ്സിഡി നൽകുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ [(എം.എസ്)നമ്പർ. 80/2017/തസ്വഭവ/03.04.2017)] ഖണ്ഡിക 8.2.7

പ്രകാരം 50% അല്ലെങ്കിൽ പരമാവധി 2,500/- രൂപയാണ് സബ്സിഡി നൽകാവുന്നത്. എന്നാൽ 1 കുടുംബശ്രീ ജെ.എൽ.ജി ഗ്രൂപ്പിന് 5,000/- രൂപയാണ് സബ്സിഡി നൽകിയിരിക്കുന്നത്. അതായത് 2,05,000/- ആണ് സബ്സിഡി ഇനത്തിൽ അധികം നൽകിയിരിക്കുന്നത് (2500x82ഗ്രൂപ്പുകൾ). മേൽ പദ്ധതിയുടെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

ശ്രീ. സുരേഷ് ബാബു, നാഗത്തിങ്കൽ എഗ്ഗ് നഴ്സറി, കുപ്പാടിത്തറയിൽ നിന്നുമാണ് കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയിരിക്കുന്നത്. ഒരു കോഴിക്കുഞ്ഞിന് 100/- രൂപയാണ് നൽകിയിരിക്കുന്നത്.

| ക്രമ നം. | പ്രോജക്ട് നം. | ഇൻവോയിസ് നം./തീയതി | കോഴിക്കുഞ്ഞുങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | 214/18 | 14/12.03.18 | 8200 | ₹8,20,000/- |
| 2 | 215/18 | 15/12.03.18 | 280 | ₹28,000/- |

ശ്രീ. സുരേഷ് ബാബുവിന് നിർവ്വഹണോദ്യോഗസ്ഥൻ സപ്ലൈ ഓർഡർ നൽകുകയോ കരാർ ചമക്കുകയോ ചെയ്തിട്ടില്ല. ജി.എസ്.ടി ബിൽ അല്ല നൽകിയിരിക്കുന്നത്. മൊത്തം 8,48,000/- രൂപ ശ്രീ.സുരേഷ് ബാബുവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (നം. 0355101009110) നൽകിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല.

വെറ്ററിനറി സർജന്റെ തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കുള്ള റിപ്പോർട്ട് (നം.103/18/28-03-18) പ്രകാരം 2017-18 സാമ്പത്തിക വർഷത്തിലെ ജൈവമുട്ട ഉൽപ്പാദന പദ്ധതിയുമായി ബന്ധപ്പെട്ട് ഇറക്കിയ കോഴികൾ അസുഖം ബാധിച്ച് ചാവുന്നു എന്ന പരാതിയിൻമേൽ 5,10 വാർഡുകളിൽ നടത്തിയ പരിശോധനയിൽ രണ്ട് വാർഡുകളിലും പകുതിയിലേറെ കോഴികൾ ചത്തു പോയതായി സ്ഥിരീകരിച്ചിട്ടുണ്ട്. ഭരണസമിതിയുടെ തീരുമാനത്തിൽ (2/4/24-05-18) 2017-18 വാർഷിക പദ്ധതിയിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തി (പ്രോജക്ട് നം.214/18-ജൈവമുട്ട ഉദ്പ്പാദനം, പ്രോജക്ട് നം. 215/18-ഭിന്നശേഷിക്കാർക്ക് കോഴി വിതരണം എന്നിവയിലുൾപ്പെടുത്തി) വിതരണം ചെയ്ത കോഴിക്കുഞ്ഞുങ്ങൾ ചത്തുപോയതിനാൽ ഉണ്ടായ നഷ്ടം ബന്ധപ്പെട്ട എഗ്ഗർ നഴ്സറിയിൽ നിന്നും ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കരാറിലേർപ്പെടാതെയും സപ്ലൈ ഓർഡർ നൽകാതെയും കോഴിക്കുഞ്ഞുങ്ങളെ വാങ്ങി എന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ അലംഭാവമായും യോഗം വിലയിരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ഓർഡർ പ്രകാരം (143/18/16.06.18) വിതരണം നടത്തിയ കോഴികളുടെയും ചത്തു പോയ കോഴികളുടെയും കണക്ക് അന്വേഷണം നടത്തി തയ്യാറാക്കുന്നതിന്; ശ്രീ. ഷാജി.പി.ജെ, LI (വാർഡ് 1-11 വരെ), ശ്രീ. മുരളീധരൻ.വി, LI (വാർഡ് 12-22 വരെ) എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും രേഖകളും വിതരണം നടത്തിയ കോഴികളുടെയും ചത്തു പോയ കോഴികളുടെയും കണക്കും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/28.01/18) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, ചെലവ് തുക ₹8,48,000/- തടസ്സത്തിൽ വെക്കുന്നു. സബ്സിഡി മാർഗ്ഗരേഖ ലംഘനത്തിന് വിശദീകരണവും ചത്ത കോഴികളുടെ നഷ്ടം ഈടാക്കിയ വിവരവും അറിയിക്കേണ്ടതാണ്.

## 3-2 പി.എം.എ.വൈ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി, അസി.സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായയി താഴെപ്പറയുന്ന

പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായ തുക മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്

പി.എം.എ.വൈ. വിഹിതം നൽകൽ

| ക്രമ നം. | പ്രോജക്ട് നം. | ഫണ്ടിനം | ബിൽ നം. | തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 277/2018 | വികസനഫണ്ട് എസ്.സി.പി. | CB.3/17-18/ 30.06.2017 | 90,000/- | അസി. സെക്രട്ടറി |
| 2 | 284/2018 | വികസനഫണ്ട് ടി.എസ്.പി. | CB.2/17-18/ 30.06.2017 | 28,75,000/- | സെക്രട്ടറി |
| 3 | 148/2018 | വികസനഫണ്ട് ജനറൽ | CB.5/17-18/ 30.06.2017 | 1,20,000 | സെക്രട്ടറി |
| ആകെ | | | | 30,85,000/- | |

മേൽ തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം, ഏതെല്ലാം ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് തുക ബ്ലോക്ക് പഞ്ചായത്തിന് നൽകിയത്, ഇതിൽ എത്ര ഗുണഭോക്താക്കൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ഭവന നിർമ്മാണത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം.8, 9 തീയതി 04/02/2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് തൻവർഷത്തിൽ ഗുണഭോക്താവായി ബ്ലോക്ക്പഞ്ചായത്തിന് നൽകിയ ഗുണഭോക്തൃലിസ്റ്റിൽ നിന്നും എത്ര പേർ ബ്ലോക്ക്പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് എന്ന് പരിശോധിച്ച്, കരാറിൽ ഏർപ്പെട്ടവർക്ക് മാത്രം അർഹതപ്പെട്ട ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ടതും അധികം നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത തുക ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്.

## 3-3 കുടുംബശ്രീ സംരംഭങ്ങൾക്ക് സബ്സിഡി നൽകിയത് - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ ലംഘിച്ചു

തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് വായ്പ സബ്സിഡി നൽകുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | 311/2018 |
| പ്രോജക്ട് | കുടുംബശ്രീ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സഹായം |
| അടങ്കൽ | ₹3,00,000/-(വികസനഫണ്ട്) |
| ബിൽ നം./തീയതി | CB 22/2017-18/5/03/2018 ₹1,00,000/- |
| | CB 31/2017-18/31/03/2018 ₹1,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ഗ്രാമ പഞ്ചായത്തിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്ന കുടുംബശ്രീ ഗ്രൂപ്പുകൾക്ക് 1,00,000/- രൂപ വീതം വായ്പകൾക്ക് ബാക്ക് എന്റ് സബ്സിഡി നൽകുകയാണ് പദ്ധതി ലക്ഷ്യം. ഗ്രാമപഞ്ചായത്തിൽ 2007 മുതൽ പ്രവൃത്തി വരുന്നതും വിവിധ പഞ്ചായത്തുകളിൽ ന്യൂട്രിമിക്സ് ഉൾപ്പടെ നൽകുന്നതുമായ അമൃതം ഫുഡ്സ് എന്ന സ്ഥാപനത്തിനും ഫ്രണ്ട്സ് ആക്ടിവിറ്റി ഗ്രൂപ്പിനുമാണ് സബ്സിഡി നൽകിയത്. അമൃതം ഫുഡ്സിന് പുതിയ മെഷിനറികൾ വാങ്ങുന്നതിനായി ബാങ്ക് നൽകിയ വായ്പയുടെ അടിസ്ഥാനത്തിലും ഫ്രണ്ട്സ് ആക്ടിവിറ്റി ഗ്രൂപ്പിന് എൽ.ഇ.ഡി ബൾബ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് നൽകിയ വായ്പയുടെ അടിസ്ഥാനത്തിലുമാണ് സബ്സിഡി അനുവദിച്ചത്. യൂണിറ്റുകൾക്ക് മുൻപ് മറ്റേതെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ഏജൻസികളിൽ നിന്നോ ധനസഹായം ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല. മാത്രമല്ല അമൃതം ഫുഡ്സിന് സ്ഥാപനത്തിന്റെ അക്കൗണ്ടിലും (നം 1136101013186 കാനറ ബാങ്ക് തലപ്പുഴ ശാഖ) ഫ്രണ്ട്സ് ആക്ടിവിറ്റി ഗ്രൂപ്പിന് യൂണിറ്റിന്റെ അക്കൗണ്ടിലുമാണ്(നം 40522101022027 കേരള ഗ്രാമീൺ ബാങ്ക് കാട്ടിമൂല) തുക നൽകിയത്. ബാക്ക് എന്റ് സബ്സിഡി നൽകേണ്ടത് വായ്പ അക്കൗണ്ടിലേക്കും വായ്പ അടച്ച് തീരുന്ന മുറയ്ക്ക് സബ്സിഡി തുക വായ്പയിലേക്ക് വരവ് വയ്ക്കേണ്ടതുമാണ്. മാത്രമല്ല സബ്സിഡി തുക നൽകുന്ന തീയതി മുതൽ പ്രസ്തുത തുകയ്ക്ക് കണക്കായ തുക വായ്പ തുകയിൽ നിന്നും പലിശ കണക്കാക്കുന്നതിന് ഒഴിവാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ സബ്സിഡി തുക സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് നൽകിയത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമാണ്. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 14തീയതി 04/02/2019) നൽകിയ മറുപടിയിൽ യൂണിറ്റുകൾക്ക് മുൻപ് ഏതെങ്കിലും ധനസഹായം മറ്റേതെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ഏജൻസികളിൽ നിന്നോ ധനസഹായം ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടുണ്ട് എന്നാണ്. തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് തന്നെ മുൻവർഷങ്ങളിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന കുടുംബശ്രീകൾക്ക് സംരംഭങ്ങൾക്കുള്ള സബ്സിഡി നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നോ ഏജൻസികളിൽ നിന്നോ (എസ്.ജി.എസ്.വൈ പോലെയുള്ള പദ്ധതികൾ മുഖേനയോ കുടുംബശ്രീ മിഷനിൽ നിന്നോ മറ്റോ) ധന സഹായം ലഭിച്ചിട്ടില്ല എന്ന് സ്ഥാപന/ഏജൻസികളുടെ തലവൻമിരിൽ നിന്നോ രേഖകൾ പരിശോധിച്ചോ സാക്ഷ്യപത്രം മുഖേനയോ ഉറപ്പ് വരുത്തിയിട്ടില്ല. ഇത്തരം സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. കുടുംബശ്രീ സി.ഡി.എസ് മുഖേന ധനസഹായം നൽകിയിട്ടില്ല എന്ന് ചെയർപേഴ്സൺ നൽകിയ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ചത് സംബന്ധിച്ച് വ്യക്തമാക്കിയിട്ടില്ല. കൂടാതെ അമൃതം ഫുഡ്സ് എന്ന സ്ഥാപനം 2007- ൽ ആരംഭിച്ചതുമാണ്.

സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക നൽകിയതിനാൽ ചെലവഴിച്ച 2,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 പ്ലാസ്റ്റിക് നിർമ്മാർജ്ജനം പദ്ധതി - തുണിസഞ്ചി വാങ്ങലുകൾ മാത്രം നടത്തി

തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനം ചെയ്യുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | 303/2018 |
| പ്രോജക്ട് | പ്ലാസ്റ്റിക് ശേഖരണവും നിർമ്മാർജ്ജനം പരിശീലനം, പ്ലാസ്റ്റിക്കിന് പകരം തുണി സഞ്ചി വിതരണം |
| അടങ്കൽ | ₹11,00,000/- (വികസനഫണ്ട്) |
| ബിൽ നം./തീയതി | CB 28/2017-18/27/03/2018 ₹3,00,000/- |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കലും നിർമ്മാർജ്ജനവും ആയതിന് പരിശീലനം നൽകലുമാണ് പ്രോജക്റ്റിന്റെ പ്രധാന ലക്ഷ്യം. എന്നാൽ പദ്ധതിയുടെ പ്രധാന ലക്ഷ്യം പൂർത്തീകരിക്കാതെ തുണി സഞ്ചി വിതരണം നടത്തുക മാത്രമാണ് പദ്ധതിയിലൂടെ നിർവഹിച്ചത്. 6,000/- തുണിസഞ്ചികൾ വിസ്മയ കുടുംബശ്രീയിൽ നിന്നും ഇൻവോയ്സ് പ്രകാരം വാങ്ങിയിട്ടുണ്ട്. ഒരു തുണിസഞ്ചിക്ക് 50/- രൂപ നിരക്കിലാണ് വാങ്ങിയത്. (6000x50=3,00,000/-) തുണിസഞ്ചികൾ വിവിധ വാർഡ് മെമ്പർമാർക്കാണ് നൽകിയത്. ആയത് ഗ്രാമസഭ അംഗങ്ങൾക്ക് നൽകിയോ എന്നത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. ഇത് മൂലം പ്ലാസ്റ്റിക്കിന്റെ ഉപയോഗം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തിയിട്ടില്ല. കൂടാതെ 5760 എണ്ണം മാത്രമാണ് മെമ്പർമാർക്ക് നൽകിയത്. 240 സഞ്ചികൾ എന്ത് ചെയ്തു എന്നത് വ്യക്തമല്ല. കൂടാതെ ടെണ്ടർ പ്രകാരം സഞ്ചിയുടെ രണ്ട് ഭാഗത്തും തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെയും നവകേരള മിഷന്റെയും സന്ദേശം പ്രിന്റ് ചെയ്യണം എന്നാണ്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ സഞ്ചിയുടെ ഒരുഭാഗത്ത് മാത്രമാണ് പ്രിന്റ് ചെയ്തിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നം 11 തീയതി 04/02/2019 ന് നൽകിയ മറുപടിയിൽ 5760 തുണിസഞ്ചികൾ മാത്രമാണ് വിതരണം നടത്തിയതെന്നും ബാക്കിയുള്ളവ ഹരിത കർമ്മസേന പ്രവർത്തനം ആരംഭിക്കുന്ന സമയത്ത് വിതരണം നടത്തുന്നതിനായി സൂക്ഷിച്ചിരിക്കുകയാണെന്നുമാണ്. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ഹരിത കർമ്മസേനക്ക് തുണിസഞ്ചികൾ നൽകുന്നത് എന്താവശ്യത്തിനാണെന്ന് വ്യക്തമല്ല. വിതരണം നടത്താത്ത തുണിസഞ്ചികളുടെ വിലയായ 12,000/- രൂപ (240x50) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 3-5 വിനിയോഗ സാക്ഷ്യപത്രം/പദ്ധതി പൂർത്തീകരണ രേഖകൾ ഹാജരാക്കിയിട്ടില്ല

താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായ തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്

I.

| | |
|---|---|
| പ്രോജക്ട് നം. | 384/2018 |
| പ്രോജക്ട് | ജലനിധി വിഹിതം നൽകൽ |
| അടങ്കൽ | ₹10,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം./തീയതി | CB 14/2017-18/13/10/2017 ₹10,00,000/- |
| നിർവ്വഹണം | സെക്രട്ടറി |

മേൽ തുക സെക്രട്ടറിയുടെ പേരിലുള്ള 4047810008796 നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിച്ചെലവ് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

II.

| | |
|---|---|
| പ്രോജക്ട് നം. | 388/2018 |
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസിൽ സൗരോർജ്ജ പാനൽ സ്ഥാപിക്കൽ |
| അടങ്കൽ | ₹17,992/- (വികസനഫണ്ട്)<br>₹10,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽനം./തീയതി | CB 32/2017-18/17/03/2018 ₹10,00,000/- |
| | CB 33/2017-18/17/03/2018 ₹17992/- |
| നിർവ്വഹണം | സെക്രട്ടറി |

മേൽ തുകകൾ സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് വേണ്ടി കെ.എസ്.സി.ബി. യിൽ

ഒടുക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13തീയതി 04/02/2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. പദ്ധതി പുരോഗതിവിവരം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. വിനിയോഗവിവരത്തിന്റെ അഭാവത്തിൽ ചെലവഴിച്ച ₹20,17,992/- (100000 + 1017992) തടസ്സപ്പെടുത്തുന്നു.

## 3-6 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ്ഫണ്ട് - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സംരംഭങ്ങൾ നടത്തുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം. | 311/2018 |
| പ്രോജക്ട് | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ്ഫണ്ട് |
| അടങ്കൽ | ₹2,00,000/- (വികസനഫണ്ട്) |
| ബിൽ നം./തീയതി | CB 30/2017-18/31.03.18 ₹40,000/- |
| | CB 32/2017-18/31.03.18 ₹40,000/- |
| നിർവ്വഹണം | വില്ലേജ് എസ്റ്റൻഷൻ ഓഫീസർ |

മേൽ പ്രോജക്ട് പ്രകാരം 8 കുടുംബശ്രീ യൂണിറ്റുകൾക്ക് 10000 രൂപ വീതം റിവോൾവിംഗ്ഫണ്ട് നൽകിയിട്ടുണ്ട്. സെക്രട്ടറി നൽകിയ ഗുണഭോക്തൃലിസ്റ്റിലെ യൂണിറ്റുകൾക്ക് അല്ല ധനസഹായം നൽകിയത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 10തീയതി 04/02/2019 നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ റിവോൾവിംഗ്ഫണ്ട് നൽകിയത് സെക്രട്ടറി നൽകിയ ലിസ്റ്റ് പ്രകാരമുള്ളതാണെന്നാണ്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ലിസ്റ്റ് വിഭിന്നമാണ്.
റിവോൾവിംഗ് ഫണ്ട് ലഭിച്ച കുടുംബശ്രീ യൂണിറ്റുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുടുംബശ്രീ യൂണിറ്റുകളുടെ പേര് | തുക (₹) |
|---|---|---|
| 1 | സുവർണ്ണ കുടുംബശ്രീ | 10,000/- |
| 2 | വിസ്മയ കുടുംബശ്രീ | 10,000/- |
| 3 | ദീപ്തി കുടുംബശ്രീ | 10,000/- |
| 4 | ദീപ്തി കുടുംബശ്രീ | 10,000/- |
| 5 | ഹരിത കുടുംബശ്രീ | 10,000/- |
| 6 | അക്ഷയ കുടുംബശ്രീ | 10,000/- |
| 7 | ആരതി കുടുംബശ്രീ | 10,000/- |
| 8 | തേജസ് കുടുംബശ്രീ | 10,000/- |
| | ആകെ | |

മേൽ യൂണിറ്റുകളുടെ റിവോൾവിംഗ് ഫണ്ട് നൽകുന്നതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതായി അറിയിച്ചുകൊണ്ടുള്ള ഗുണഭോക്തൃലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. കൂടാതെ സ.ഉ.(എം.എസ്) 80/2017 ത.സ്വ.ഭ.വ തീയതി 3.4.2017 ഖണ്ഡിക 6.2 ലെ നിർദ്ദേശങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകിയിട്ടില്ല. റിവോൾവിംഗ് ഫണ്ട് നൽകിയത് കുടുംബശ്രീ യൂണിറ്റുകളുടെ അക്കൗണ്ടുകളിലേക്കാണ്. സബ്സിഡി തുക കുടുംബശ്രീ യൂണിറ്റുകളുടെ അക്കൗണ്ടിലേക്ക് നൽകിയത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമാണ്. യൂണിറ്റുകൾക്ക് മുൻപ് മറ്റേതെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ഏജൻസികളിൽ നിന്നോ ധനസഹായം ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിട്ടില്ല. തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് തന്നെ മുൻവർഷങ്ങളിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന കുടുംബശ്രീകൾക്ക് സംരംഭങ്ങൾക്കുള്ള സബ്സിഡികളും

റിവോൾവിംഗ്ഫണ്ടും നൽകിയിട്ടുണ്ട്. കൂടാതെ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നോ ഏജൻസികളിൽ നിന്നോ (എസ്.ജി.എസ്.വൈ പോലെയുള്ള പദ്ധതികൾ മുഖേനയോ കുടുംബശ്രീ മിഷനിൽ നിന്നോ മറ്റോ) ധന സഹായം ലഭിച്ചിട്ടില്ല എന്ന് സ്ഥാപന/ഏജൻസികളുടെ തലവൻമിരിൽ നിന്നോ രേഖകൾ പരിശോധിച്ചോ സാക്ഷ്യപത്രം മുഖേനയോ ഉറപ്പ് വരുത്തിയിട്ടില്ല. ഇത്തരം സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. കുടുംബശ്രീ സി.ഡി.എസ് മുഖേന ധനസഹായം നൽകിയിട്ടില്ല എന്ന് ചെയർപേഴ്സൺ നൽകിയ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. ഈ സാഹചര്യത്തിൽ ചെലവഴിച്ച 80,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 ആറോല പകൽവീട് നിർമ്മാണം - പ്രവൃത്തി പൂർത്തീകരിക്കാതെ തുക അനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നം. | 404/2018 |
| പ്രോജക്ട് | ആറോല പകൽവീട് നിർമ്മാണം |
| അടങ്കൽ | ₹3,50,000/- (വികസനഫണ്ട്) |
| | ₹1,50,000/- (തനത്ഫണ്ട് ) |
| ബിൽ നം./തീയതി | CB 30/2017-18/31.03.18 ₹40,000/- |
| | CB 32/2017-18/31.03.18 ₹40,000/- |
| കോൺട്രാക്ടർ | ശ്രീ. റെജി മാത്യൂ |
| നിർവ്വഹണം | അസി.എഞ്ചിനീയർ |
| ബിൽ നം.8/തീയതി | 125/17-18/09.03.2018 ₹3,17,691/- |

(ആദായ നികുതി – ₹3177/-, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം – ₹3177/- , റീടെൻഷൻ - ₹31769, കോൺട്രാക്ടർക്ക് നൽകിയത് - 28,677/-)

ബിൽ നം .164/17-18 തീയതി 28/03/2018 തുക 32309/- രൂപ

(ആദായ നികുതി - 1816, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം -1816, കോൺട്രാക്ടർക്ക് നൽകിയത് - 28677)

തനത്ഫണ്ടിൽ നിന്നും കോൺട്രാക്ടർക്ക് നൽകിയത് - 1,49,297/- (ചെക്ക് നം2224174 തീയതി 28/3/2018 ) (ചെക്ക് നം പ്രകാരം ആകെ തുക 4,42,930/- രൂപ ഇത് പ്രോജക്ട് നം 353/18, 426/18 ,404/2018 എന്നിവയുടേതാണ്)

ആകെ ചെലവ് - 4,99,297/- രൂപ

മേൽ പദ്ധതിയുടെ ഹാജരാക്കിയ രേഖകൾ പരിശോധിക്കുകയും 7/02/2019ന് സ്ഥല പരിശോധന നടത്തുകയും ചെയ്തു. സ്ഥല പരിശോധന നടത്തിയപ്പോൾ, കെട്ടിടത്തിന്റെ ടെണ്ടർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. എസ്റ്റിമേറ്റിൽ നിർദ്ദേശിക്കാത്ത പ്രവൃത്തിക്കാണ് എം.ബുക്കിൽ രേഖപ്പെടുത്തുകയും വർക്ക് ബിൽ പ്രകാരം തുക അനുവദിക്കുകയും ചെയ്തത്. പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് മുൻകൂട്ടി കാണാൻ കഴിയാത്ത ഏത് പ്രവൃത്തിയാണ് പിന്നീട് ഉൾപ്പെടുത്തിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ഇല്ല.ഇത് സംബന്ധിച്ച സാക്ഷ്യപത്രം അസി.എഞ്ചിനീയർ തയ്യാറാക്കി ഹാജരാക്കിയിട്ടില്ല. **** 00000000000000 കെട്ടിടത്തിൽ ജനൽ വാതിൽ കട്ടിളകളും ജനലിന്റെയും വാതിലിന്റെയും കതകുകളും സ്ഥാപിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് , ബിൽ എന്നിവ പ്രകാരം കെട്ടിടത്തിന്റെ എല്ലാവശങ്ങളും പ്ലാസ്റ്ററിംഗ് പ്രവൃത്തി നടത്തേണ്ടതാണ്. എന്നാൽ കെട്ടിടത്തിന്റെ പിൻഭാഗം പ്ലാസ്റ്ററിംഗ് പ്രവൃത്തി നടത്തിയിട്ടില്ല എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. കെട്ടിടത്തിന്റെ വാതിലുകളും ജനലുകളും കതകുകൾപ്പടെ സ്ഥാപിച്ചിട്ടുണ്ട്.

കെട്ടിടത്തിന്റ വരാന്തയിൽ അരഭിത്തി കെട്ടി പ്ലാസ്റ്ററിംഗ് പ്രവൃത്തി നടത്തിയിട്ടുണ്ട്. ഇത് എസ്റ്റിമേറ്റിലോ പുതുക്കിയ എസ്റ്റിമേറ്റിലോ ഉൾപ്പെടുത്താത്ത പ്രവൃത്തിയാണ്. വരാന്തയിൽ അരഭിത്തി പണിതതിന് മെഷർമെന്റ് എടുത്ത് തുക അനുവദിച്ചിട്ടുമുണ്ട്. ഇത്തരത്തിൽ തുക അനുവദിച്ചത് ക്രമ വിരുദ്ധമായ നടപടിയാണ്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ മുഴുവൻ പ്രവൃത്തി പൂർത്തീകരിക്കാതെ തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകിരക്കേണ്ടതാണ്. പദ്ധതിക്കായി ചെലവഴിച്ച 499297 രൂപ തടസ്സപ്പെടുത്തുന്നു.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നം 17തീയതി 7/02/2019) മറുപടി നൽകിയിട്ടില്ല.

## 3-8 ഇരുമനത്തൂർ സ്വയം തൊഴിൽ പരിശീലന കേന്ദ്രം - നടത്താത്ത പ്രവൃത്തികൾക്ക് എം.ബുക്കിൽ മെഷർമെന്റ് എടുത്ത് തുക അനുവദിച്ചു.

പ്രോജക്ടിന്റെ പേര് - ഇരുമനത്തൂർ സ്വയം തൊഴിൽ പരിശീലന കേന്ദ്രം

പ്രോജക്ട് നം 107/2018

അടങ്കൽ - വികസന ഫണ്ട് - 600000

തനത് ഫണ്ട് -400000

കോൺട്രാക്ടർ - ഉസ്മാൻ . ഇ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ബിൽ നം .78/17-18 തീയതി 8/02/2018 തുക 600000

( ആദായ നികുതി - 9078, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - 9078,

കോൺട്രാക്ടർക്ക് നൽകിയത് - 581844)

തനത് ഫണ്ടിൽ നിന്നും കോൺട്രാക്ടർക്ക് നൽകിയത് - 307757 (ചെക്ക് നം2224150 തീയതി 16/2/2018 )

ആകെ ചെലവ് - 907757 രൂപ

മേൽ പദ്ധതിയുടെ ഹാജരാക്കിയ രേഖകൾ പരിശോധിക്കുകയും 7/02/2019ന് സ്ഥല പരിശോധന നടത്തുകയും ചെയ്തു. സ്ഥല പരിശോധന നടത്തിയപ്പോൾ , കെട്ടിടത്തിന്റെ ടെണ്ടർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. എം.ബുക്കിൽ രേഖപ്പെടുത്തുകയും വർക്ക് ബിൽ പ്രകാരം തുക അനുവദിക്കുകയും ചെയ്ത പ്രവൃത്തികൾ നടത്താതെയാണ് തുക നൽകിയത്. വർക്ക് ബില്ലിലെ ക്രമ നം 12 മുതൽ ക്രമ നം 24 വരെയുള്ള പ്രവൃത്തികൾ (ക്രമ നം15,16,17 ഒഴികെ) നടത്താതെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഇത് ക്രമ വിരുദ്ധമായ നടപടിയാണ്. ഇത്തരത്തിൽ പ്രവൃത്തി പൂർത്തീകരിക്കാതെ തുക അനുവദിച്ചത് സംബന്ധിച്ച് വിശദീകിരക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 16 തീയതി 7/02/2019ക്ക് മറുപടി നൽകിയിട്ടില്ല.പ്രവൃത്തി നടത്താതെ അനുവദിച്ച 31026 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുകയും 876731 രൂപ തടപ്പെടുത്തുകയും ചെയ്യുന്നു. നിരാകരിച്ച തുക പ്രവൃത്തി അളവെടുത്ത അസി.എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. പദ്ധതി സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

## 3-9 പുത്തൻപുര കോളനി റോഡ് കോൺക്രീറ്റ് - പട്ടിക വർഗ്ഗ ഉപ പദ്ധതി വിഹിതം ഉപയോഗച്ച് പട്ടിക വർഗ്ഗ ഊരിന് പുറത്ത് റോഡ് നിർമ്മിച്ചു.

2017-18 സാമ്പത്തിക വർഷത്തിൽ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ പുത്തൻപുര കോളനിയിലേക്ക് ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ടിന്റെ പേര് - പുത്തൻപുര കോളനി റോഡ് കോൺക്രീറ്റ്

പ്രോജക്ട് നം 14/2018

അടങ്കൽ - വികസന ഫണ്ട് - ടി.എസ്.പി- 400000

കോൺട്രാക്ടർ - ജോൺസൺ.കെ.വി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

ബിൽ നം .41/17-18 തീയതി 11/082017 തുക 346589

( ആദായ നികുതി - 3466, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - 3466,

കോൺട്രാക്ടർക്ക് നൽകിയത് - 339657)

മേൽ പദ്ധതിയുടെ ഹാജരാക്കിയ രേഖകൾ പരിശോധിക്കുകയും 7/02/2019ന് സ്ഥല പരിശോധന നടത്തുകയും ചെയ്തു. സ്ഥല പരിശോധന നടത്തിയപ്പോൾ പ്രവൃത്തി നടത്തിയ സ്ഥലം ടി.എസ്.പി ഫണ്ട് ഉപയോഗച്ച് നടത്താവുന്നവയല്ല. ഫീസിബിലിറ്റി സോഷ്യൽ മാപ്പ് പ്രകാരം കാണിച്ചിരിക്കുന്ന റോഡ് സ്ഥല പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. പ്രവൃത്തി നടത്തിയിരിക്കുന്നത് കോളനി പ്രദേശത്തിന് പുറത്താണ്. കോളനിയിലേക്ക് നിലവിൽ റോഡില്ല. ഫീസിബിൾ അല്ലാത്ത സ്ഥലത്ത് ടി.എസ്.പി ഫണ്ട് ഉപയോഗച്ച് പ്രവൃത്തി നടത്തിയത് സംബന്ധിച്ച വിശദീകിരക്കേണ്ടതാണ്. ഇത്തരത്തിൽ തുക അനുവദിച്ചത് ക്രമ വിരുദ്ധമായ നടപടിയാണ്. സർക്കാർ ഉത്തരവ് (ജി.ഒ.(എം.എസ് )നം72/2017 തസ്വഭവ, തിരുവനന്തപുരം, തീയതി 29.03.2017) ഖണ്ഡിക 13.2(15) പ്രകാരം പട്ടിക വർഗ്ഗ ഉപ പദ്ധതി വിഹിം റോഡ് നിർമ്മാണത്തിന് വകയിരുത്താൻ പാടില്ല. എന്നാൽ പട്ടിക വർഗ്ഗ ഊരുകൾക്ക് ഉള്ളിൽ 3 മീറ്റർ വീതിയിൽ അധികരിക്കാത്ത നടപ്പാതകളും പട്ടിക വർഗ്ഗ ഊരുകളിലേക്ക് മാത്രമുള്ള 3 മീറ്റർ വീതിയിൽ അധികരിക്കാത്ത നടപ്പാതകളും നടപ്പാലങ്ങളും നിർമ്മിക്കാവുന്നതാണ്. നിലവിൽ പദ്ധതി നടപ്പാക്കിയിരിക്കുന്നത് മേൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം 18തീയതി 7/02/2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 346589 രൂപ തടസ്സപ്പെടുത്തുന്നു. കൂടാതെ പദ്ധതി സംബന്ധിച്ച് കൂടുതൽ അന്വേഷണത്തിന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു. തൻവർഷം പട്ടിക വർഗ്ഗ ഉപ പദ്ധതി ഉപയോഗിച്ച് നടപ്പാക്കിയ എല്ലാ റോഡ് പ്രവൃത്തികൾക്കും നൽകിയ ഫീസിബിലിറ്റി സാക്ഷ്യപത്രം സംബന്ധിച്ചും പദ്ധതി നിർവ്വഹണം സംബന്ധിച്ചും തുടരന്വേഷണം നടത്തുന്നതിന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു

## 3-10 അസിസ്റ്റന്റ് എൻഞ്ചിനീയർ ഒന്നിലധികം ബാങ്ക് അകൗണ്ട് നിലനിർത്തുന്നു

അസിസ്റ്റന്റ് എൻഞ്ചിനീയർക്ക് ട്രഷറി അക്കൗണ്ടിനു പുറമെ കാനറ ബാങ്ക് തലപ്പുഴ ശാഖയിലും , കേരള ഗ്രാമീണ ബാങ്ക് തലപ്പുഴ ശാഖയിലും നിലവിൽ ഓരോ അകൗണ്ട് വീതം ഉണ്ട് . അക്കൗണ്ട് വിവരം ചുവടെ കൊടുക്കുന്നു . അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുക തിരികെ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

| ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | അവസാസം ഇടപാട് നടത്തിയ തീയതി | നീക്കിയിരിപ്പ് |
| --- | --- | --- | --- |
| കാനറ ബാങ്ക് തലപ്പുഴ | 1136101012299 | 31.01.2019 | 488200 |

| | | | |
|---|---|---|---|
| കേരള ഗ്രാമീണ ബാങ്ക് തലപ്പുഴ | 40478100008975 | 01.07.2019 | 193258 |

## 3-11 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | So 327/18 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) |
| അടങ്കൽ | 2,00,000/-രൂപ |
| ചെലവ് | 2,00,000//-രൂപ |
| ബിൽ നമ്പർ/തീയതി/ തുക | ബിൽ നം -01/2017-18 തീയതി 28/10/2018 തുക2,00,000/-രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ ) |

ലഭിച്ച മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇൻവോയിസ് നമ്പർ തീയതി | തുക |
|---|---|---|
| 1 | L.F.1921 -20.03.18 | 18677 |
| 2 | L.F.751- 09.07.18. | 20000 |
| 3 | L.F.511- 16.06.18 | 72110 |
| 4 | L.F.1934- 21.03.18 | 47875 |
| | ആകെ | 1,58,662 |

മേൽ പദ്ധതിയിൽ മെഡിക്കൽ ഓഫീസർ (ഹോമിയോ) ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി 2,00,000/-രൂപ നൽകിയിട്ടുണ്ട്. നാളിതുവരെയായി 1,58,662/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 41,338/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് . ലഭിക്കാത്ത മരുന്നുകളുടെ വിലയായ 41338 രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 ഇ-ടെണ്ടർ ഫോറം വില പഞ്ചായത്തിന് ലഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്ത് ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവർത്തിയുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചയത്തിന് ലഭിച്ചിട്ടില്ല . വശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ക്രമ നം. | പ്രവർത്തിയുടെ പേര് | ടെണ്ടറുകളുടെ എണ്ണം | പ്രോജക്ട് തുക ₹ | ടെണ്ടർ ഫോറം വില ₹ | ജി.എസ്.ടി / വാറ്റ് ₹ | ആകെ തുക ₹ |
|---|---|---|---|---|---|---|
| 1 | ഗോദവരി കോളനി | 2 | 1100000 | 5000 | 250 | 5250 |

| | | | | | | |
|---|---|---|---|---|---|---|
| | സാംസ്കാരിക നിലയം നിർമ്മാണം | | | | | |
| 2 | ഷോപ്പിംഗ് കോംബ്ളക്സ് ,നിർമ്മാണം | 3 | 2713971 | 7500 | 375 | 7875 |
| 3 | ടോയലറ്റ് സമുച്ചയം നിർമ്മാണം കമ്പമല. | 1 | 7500000 | 2500 | 300 | 2800 |
| 4 | പാളക്കൊല്ലി കാപ്പാട്ടുമല്ലറോഡ് ടാറിംഗ് | 1 | 550000 | 1100 | 150 | 1250 |
| 5 | അറോല പകൽവീട് നിർമ്മാണം | 1 | 500000 | 1000 | 50 | 1050 |
| 6 | മുതിരേരി വനിത സമുച്ചയം കെട്ടിട നിർമ്മാണം | 1 | 500000 | 1000 | 50 | 1050 |
| 7 | കുലതിൻകര റോഡ് റി-ടാറിംഗ് | 1 | 650000 | 1300 | 200 | 1500 |
| | | | | 19,400 | 1375 | 20775 |

ക്രമ നമ്പർ 1,2,5,6,എന്നീ ടെണ്ടറുകൾക്ക് വാറ്റ് , ജി .എസ്. റ്റി ഇനത്തിൽ 725 രൂപ ഈടാക്കിയിട്ടില്ല .ഇ ടെണ്ടർ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുക 20050 (19400 + 650 =20050) ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 3-13 ലൈഫ് ഭവന പദ്ധതി - കൃത്യമായ പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി

2009-10 സാമ്പത്തിക വർഷം മുതൽ 2013-14 സാമ്പത്തിക വർഷം വരെ വിവിധ ഭവന നിർമ്മാണ പദ്ധതികൾ മുഖേന ധനസഹായം അനുവദിച്ച് പൂർത്തിയക്കാത്ത പട്ടിക വർഗ്ഗവിഭാക്കാർക്ക് ലൈഫ് പദ്ധതിയിൽപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ വീടിന്റെ നിലവിലെ അവസ്ഥ പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ധനസഹായം അനുവദിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് വിവിധ ഗുണഭോക്കളുടെ വീടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ , വീടിന്റെ നിലവിലെ അവസ്ഥയും ഗുണഭോക്താവ് നിലവിൽ വാങ്ങിയ ഗഡു തുകകളും പരിഗണിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാത്രമല്ല എസ്റ്റിമേറ്റിന്റെ കൂടെ വീടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിട്ടില്ല. കൂടാതെ നിലവിൽ നിർമ്മാണം നടത്തിയിരിക്കുന്ന വീടിന്റെ പ്ലാൻ എസ്റ്റിമേറ്റിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. നിർമ്മാണം നടത്താൻ പോകുന്ന കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കുകയോ പരിശോധിക്കുകയോ ചെയ്യാതെ എസ്റ്റിമേറ്റ്

തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയുമാണ് നടത്തിയിട്ടുള്ളത്. മാത്രമല്ല എസ്റ്റിമേറ്റ് തയ്യാറാക്കാൻ കണക്കാക്കിയ ഡാറ്റ എസ്റ്റിമേറ്റിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. ഡാറ്റ സംബന്ധിച്ച് , എസ്റ്റിമേറ്റ് തയ്യാറാക്കിയ തൊഴിലുറപ്പപദ്ധതി അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ എന്നിവരോട് നേരിൽ അന്വേഷിച്ചിട്ടും ഡാറ്റാ ഹാജരാക്കിയിട്ടില്ല. ഒരു പ്ലാൻ തയ്യാറാക്കിയോ അല്ലെങ്കിൽ നിലവിൽ നിർമ്മിച്ചിരിക്കുന്ന പ്ലാനിന്റെ അടിസ്ഥാനത്തലോ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പാടുള്ളൂ. എന്നാൽ 2017-18 സാമ്പത്തിക വർഷം ലൈഫ് പദ്ധതിയിൽപ്പെടുത്തിയ ഗുണഭോക്താക്കൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് ഒരു പ്ലാനിന്റെ അടിസ്ഥാനത്തലല്ല. ഇത്തരത്തിൽ എസ്റ്റിമേറ്റ് തുക അനുവദിച്ചത് ക്രമവിരുദ്ധമാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ ന്യൂനത സംബന്ധിച്ച് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ശ്രീ.മണിയൻ, S/oചാപ്പൻ, മേലെ തലപ്പുഴ, ചിറക്കര പി.ഒ എന്നയാൾ 2009-10 സാമ്പത്തിക വർഷത്തിൽ ഇ.എം.എസ് ഭവനപദ്ധതിയിൽ ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെടുകയും (ഒരു വീടിന് അനുവദിക്കുന്ന ആകെ തുക 125000രൂപ) 55000 രൂപ 2ഗഡുക്കളായി വാങ്ങുകയും ചെയ്തിട്ടുണ്ട്. തറപ്പണി പൂർത്തീകരിച്ചതിന് ശേഷമാണ് രണ്ടാം ഗഡു അനുവദിക്കുന്നത്. മേൽ തുക വാങ്ങിയതിന് ശേഷം ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത ഗുണഭോക്താവിന്റെ വീടിന് എസ്റ്റിമേറ്റ് തയ്യാറാക്കിയത് തറയുടെ അസ്ഥിവാരം കുഴിക്കൽ മുതലുള്ളതാണ്. നിലവിലുണ്ടായിരുന്നതും ഭാഗിക നിർമ്മാണം പൂർത്തീകരിച്ചതുമായ വീടിന്റെ നിലവിലെ അവസ്ഥ, നിർമ്മാണ ആരംഭിച്ച വീടിന്റെ തറയുടെ പ്ലാൻ, പ്ലിന്ത് വിസ്തീർണ്ണം തുടങ്ങിയ വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതും തറവിസ്തീർണ്ണത്തിന് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതിന് പകരം യാതൊരടിസ്ഥാനവുമില്ലാതെ തുക നൽകുന്നതിനു വേണ്ടി മാത്രമായുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. തൻവർഷം ഈ തരത്തിലാണ് എല്ലാ എസ്റ്റിമേറ്റുകളും തയ്യാറാക്കിയിരിക്കുന്നതും ഭവനനിർമ്മാണത്തിനുള്ള തുക അനുവദിച്ചിട്ടുള്ളതും. ഈ സാഹചര്യത്തിൽ ഇത്തരത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം വാങ്ങി അവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും പട്ടിക വർഗ്ഗ വിഭാഗക്കാർക്കുള്ള ലൈഫ് ഭവനനിർമ്മാണ പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിച്ചത് സംബന്ധിച്ച് വിദഗ്ദ ഏജൻസി മുഖേന തുടരന്വേഷണം നടത്തുന്നതിന് ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 354280 | 161 - നെൽകൃഷി കൂലി ചെലവ് സബ്സിഡി | 354280 | |
| ബ്ലോക്ക് പഞ്ചായത്ത് | 336175 | 184 നെൽകൃഷി (TSP) | 336175 | |
| ബ്ലോക്ക് പഞ്ചായത്ത് | 600000 | 208 - ക്ഷീരകർഷകർക്ക് പാലിന് | 600000 | |

| | | | | |
|---|---|---|---|---|
| | | സബ്സിഡി | | |
| ജില്ലാ പഞ്ചായത്ത് | 354280 | 161 - നെൽകൃഷി കൂലി ചെലവ് സബ്സിഡി | 354280 | |
| ജില്ലാ പഞ്ചായത്ത് | 336175 | 184 നെൽകൃഷി (TSP) | 336175 | |
| ജില്ലാ പഞ്ചായത്ത് | 600000 | 208 - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 600000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര്പഞ്ചായത്ത് ഓഫീസിൽ സൌരോർജ്ജ പാനൽ സ്ഥാപിക്കൽ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പഞ്ചായത്ത് ഓഫീസിൽ സൌരോർജ്ജ പാനൽ സ്ഥാപിക്കൽ | 1017992 | | 1017992 പൂർത്തീകരിച്ചില്ല |

## 4-3 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ് ലോൺ | സ.ഉ.(സാധ)നം.428/10 തസ്വഭവ 15/03/10 | 3995850 | 3554150 | 2000000 | | 1554150 |

## 4-4 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

## 4-6 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | | 2016-17 | 2(2) | തൊഴിൽ നികുതി | പരിഹരിച്ചു വരുന്നു. |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 158033979 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 131925079 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 43026 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7976955 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| 3-4 | | 12000 | ശ്രീ.പ്രിൻസ് മോൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-8 | | 31026 | ശ്രീ.ജയകുമാർ, അസി.എഞ്ചിനീയർ<br>ശ്രീ.കൃഷ്ണൻകുട്ടി, അസി.എക്സി.എഞ്ചിനീയർ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 848000 | ഡോ.ചിഞ്ചു ജോസ് , വെറ്ററിനറി സർജ്ജൻ |
| 3-2 I | 90000 | ശ്രീ. തോമസ് കെ എം, അസി.സെക്രട്ടറി |
| 3-2 II | 2875000 | ശ്രീ. തോമസ് കെ എം, അസി.സെക്രട്ടറി |
| 3-2 III | 120000 | ശ്രീ.ജയരാജൻ.എൻ.എ, സെക്രട്ടറി |
| 3-3 | 200000 | ശ്രീ.പ്രിൻസ് മോൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-5 I | 1000000 | ശ്രീ.മുഹമ്മദ് സലീം, സെക്രട്ടറി |
| 3-5 II | 1000000 | ശ്രീ.മുഹമ്മദ് സലീം, സെക്രട്ടറി |
| 3-6 | 80000 | ശ്രീ.പ്രിൻസ് മോൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-7 | 499297 | ശ്രീ.ജയകുമാർ, അസി.എഞ്ചിനീയർ |
| 3-8 | 876731 | ശ്രീ.ജയകുമാർ, അസി.എഞ്ചിനീയർ |
| 3-9 | 346589 | ശ്രീ.ജയകുമാർ, അസി.എഞ്ചിനീയർ |
| 3-10 | 41336 | ഡോ.റീന, മെഡിക്കൽ ഓഫീസർ (ഹോമിയോ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യ മായവ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.പ്രിൻസ് മോൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | നെടിയാനിക്കൽ, തൃശ്ശിലേരി പി ഒ |
| ഡോ.ചിഞ്ചു ജോസ് , വെറ്ററിനറി സർജ്ജൻ | | ആനിക്കുഴിക്കാട്ടിൽ വീട്, ചെമ്പേരി പി ഒ,670632 |
| ശ്രീ.ജയകുമാർ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് | താഴത്ത്ചപ്പള്ളിൽ, ചക്കുവരക്കൽ, കുന്നിക്കോട്,691508 |
| ശ്രീ.കൃഷ്ണൻകുട്ടി, അസി.എക്സി.എഞ്ചിനീയർ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | അസി.എക്സി.എഞ്ചിനീയർ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | |
| ശ്രീ. തോമസ് കെ എം, അസി.സെക്രട്ടറി | അസി.സെക്രട്ടറി, തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് | കിഴക്കേടത്ത്, പോരൂർവയനാട്, യവനാർകുളം |
| ശ്രീ.ജയരാജൻ.എൻ.എ, സെക്രട്ടറി | സെക്രട്ടറി, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | |
| ശ്രീ.മുഹമ്മദ് സലീം കെ | സെക്രട്ടറി, തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് | കുനിങ്ങാരത്ത് വീട്, കണ്ടത്തുവയൽ, വെള്ളമുണ്ട |
| ഡോ.റീന, മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.റീന, മെഡിക്കൽ ഓഫീസർ (ഹോമിയോ) തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് | കോഴിച്ചുണ്ട, കിഴക്കമ്പലം, മണ്ണൂർ, പാലക്കാട് |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | എൽ.എഫ്. ഡബ്ല്യൂ.പി4-407/04 തിയ്യതി 14.10.2004 |

| | |
|---|---|
| 2001-02 | എൽ .എഫ്. ഡബ്ല്യൂ. പി4-487/03 തിയ്യതി 14.10.2014 |
| 2001-02 | എൽ .എഫ്. ഡബ്ല്യൂ. പി.3-799/07 തിയ്യതി 27.3.2008 |
| 2002-03 | എൽ.എഫ്. ഡബ്ല്യൂ.പി3-22/07 തിയ്യതി 13.3.2008 |
| 2003-04 | എൽ .എഫ്. ഡബ്ല്യൂ. പി3-689/07 തിയ്യതി 08.023.2010 |
| 2004-05 | എൽ .എഫ്.ഡബ്ല്യൂ. പി3-619/08 തിയ്യതി 08.11.2009 |
| 2005-06 | എൽ എഫ്. ഡബ്ല്യൂ. പി3-279/10 തിയ്യതി 07.05.2010 |
| 2006-07 | എൽ .എഫ്. ഡബ്ല്യൂ. പി3-621/10 തിയ്യതി 16.12.2011 |
| 2007-08 | എൽ .എഫ്. ഡബ്ല്യൂ. പി3-625/10 (1) തിയ്യതി 24.7.2005 |
| 2088-09 | എൽ .എഫ്. ഡബ്ല്യൂ. പി3- 1096/11 തിയ്യതി .01.2013 |
| 2009-10, | എൽ .എഫ്. ഡബ്ല്യൂ. പി3-451/12 തിയ്യതി 10.02.2012 |
| 2010-11 | എൽ .എഫ്. ഡബ്ല്യൂ. പി3-450/12 തിയ്യതി 01.01.2013 |
| 2011-12 | എൽ .എഫ്. ഡബ്ല്യൂ. പി2-899/14 തിയ്യതി |

| | |
|---|---|
| | 18.05.2015 |
| 2012-13 | എൽ .എഫ്. ഡബ്ല്യൂ. പി2-149/15 തിയ്യതി 07.07.2015 |
| 2013-14, 14-15 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി2-132 /16 തീയതി 09.03.2016 |
| 2015-16 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി) പി2/10 /2017 തീയതി 06.01.2017 |
| 2016-17 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി)പി.2/593/ തീയതി 07.10.2017 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

## അനുബന്ധം - 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2017-18

സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തി യിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
വയനാട്, കൽപ്പറ്റ.

## അനുബന്ധം - 2

## വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

നം.കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി.)പി2-528/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 22/06/2018

2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. വസ്തു നികുതി പൊരുത്തപ്പെടുന്നില്ല., ടാക്സ് റമിഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. ബിൽഡിംഗ് പെർമിറ്റ്, ബിൽഡിംഗ് റഗുലറൈസേഷൻ ഒഴികെ മറ്റുവരവുകൾക്ക്

രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

3. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ

തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4. ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഷെഡ്യൂൾ I-17(a)) ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ ആസ്തികകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ

ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിയിസേഷൻ രേഖപ്പെടുത്തിയത്

സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. RP-40) Capital work in progress എന്ന ശീർഷകത്തിൽ 13499833/- രൂപ

ചെലവ് ഉണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

6. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ. മുൻകൂർ രജിസ്റ്റർ, ആസ്തി രജിസ്റ്റർ

തുടങ്ങിയ പൂർത്തിയാക്കിയിട്ടില്ല.

7. cash book, day book എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയിട്ടില്ല.

8. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി (MNREGA ഒഴികെ) പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നില്ല. പ്രസ്തുത തുകകൾ തനത് ഫണ്ട് (ട്രഷറി) അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രത്യേകം ബാങ്ക് അക്കൗണ്ടോ തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററോ സൂക്ഷിക്കാത്തതിനാൽ കൃത്യമായ വിവരം ലഭ്യമല്ല.

9. sale of Tender forms സംക്ഷിപ്തം സാക്ഷപ്പെടുത്തി ഹാജരാക്കിയിട്ടില്ല

10. മുൻകാലങ്ങളിലെ ആസ്തികളുടെ വിവരങ്ങൾ കാലികമാക്കിയിട്ടില്ല.

11. ലൈബ്രറി സെസ് ബാലൻസ് തുക , sundry debtors മായി പൊരുത്തപ്പെടുന്നില്ല.

12. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

13. MNREGA രസീറ്റ് & പേമെന്റ് അക്കൗണ്ട് പ്രകാരമുള്ള വരവും ട്രയൽബാലൻ സിൽ തൻവർഷ വരവായി രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

14. അടിസ്ഥാന അനുപാതങ്ങൾ ഹാജരാക്കിയിട്ടില്ല

15. 310900101 ശീർകത്തിലെ 2016-17 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള closing balance 2017-18 ലെ opening balance എന്നിവ പൊരുത്തപ്പെടുന്നില്ല.

16. B15 ഷെഡ്യൂൾ പ്രകാരമുള്ള വസ്തു നികുതി നീക്കിയിരുപ്പിന് ആനുപാതികമല്ല ലൈബ്രറി സെസ് കുടിശ്ശികയായി കണക്കാക്കിയ തുക. ഇത് വിശദീകരിക്കേണ്ട-താണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.